MONDAY

14/07/2025

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : SINDHU. KS Editor : Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/07/2025

1. കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ നിർമ്മിക്കുന്ന പാലാ സാൻതോം ഫുഡ് ഫാക്ടറിയുടെ ഉദ്ഘാടനം ഇന്ന് ഉച്ചയ്ക്ക് 2.30ന് മുണ്ടുപാലം സ്റ്റീൽ ഇന്ത്യ ക്യാമ്പസിൽ വച്ച് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കും. മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സമ്മേളന ഉദ്ഘാടനം സഹകരണ വകുപ്പ് മന്ത്രി വി എൻ വാസവൻ നിർവഹിക്കുന്നതാണ്.

2. ഇടുക്കിയിൽ ഓണത്തോടനുബന്ധിച്ച് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന നിറപ്പൊലിമ പരിപാടിയുടെ ഭാഗമായി 'ഞാനും പൂവും' പദ്ധതിക്ക് വാത്തിക്കുടി നവജ്യോതി ബഡ്സ് സ്കൂളിൽ തുടക്കമായി. കുട്ടികളിൽ മാനസിക ഉല്ലാസത്തിനു ഹോർട്ടികൾച്ചർ തെറാപ്പി ലക്ഷ്യമിട്ട് നടത്തുന്ന ഈ പദ്ധതി നവാജ്യോതി ബഡ്സ് സ്കൂളും കുടുംബശ്രീ ജില്ലാ മിഷൻ ഇടുക്കിയും സംയു ക്തമായാണ് സംഘടിപ്പിച്ചത്. ബഡ്സ് സ്കൂൾ അങ്കണത്തിൽ നടന്ന ചടങ്ങിൽ വാത്തിക്കുടി പഞ്ചായത്ത് പ്രസിഡന്റ് ജോസ്മി ജോർജ് പദ്ധതിയുടെ ഉദ്ഘാ ജനം നിർവഹിച്ചു. ജെഎൽജി അംഗങ്ങളുടെ നേതൃത്വം നേതൃത്വത്തിൽ നവജ്യോതി ബഡ്സ് സ്കൂളിലെ അഞ്ച് സെന്റ് പുരയിടത്തിൽ നാല് തരം പൂക്കൾ കൃഷി ചെയ്തുകൊ ണ്ടാണ് പദ്ധതിക്ക് തുടക്കം കുറിച്ചത്.

3. കേരളഅഗ്രിക്കൾച്ചറൽ യുണിവേഴ്സിറ്റിയിലെവെള്ളാനിക്കരയിലുള്ള ബയോ ടെക്നോളജി ഡിപ്പാർട്മെന്റിൽ ടിഷ്യുക്കൾച്ചർ ഗ്രാൻഡ് നെയ്ൻ വാഴതൈകളും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

(Rs. 20/-) നല്ലയിനം ഇഞ്ചിത്തൈകളും (Rs. 5/-) വില്പനക്ക്. ഫോൺ നമ്പർ. 9048178101.

4. നാളികേര വികസന ബോർഡ് നടപ്പാക്കുന്ന സുസ്ഥിര ഉൽപ്പാദനക്ഷമത വർധനയ്ക്കുള്ള സമഗ്ര കേരവികസന പദ്ധതിയിലേക്ക് കേര കർഷക കൂട്ടായ്മകൾക്ക് നേരിട്ടോ കൃഷിഭവനുകൾ ഏജൻസികളായോ അപേക്ഷിക്കാം. അവസാന തീയതി ജൂലായ് 16ന് വൈകിട്ട് അഞ്ചുവ 5 മണി വരെ. വിവരങ്ങൾക്ക്: https://coconutboard.gov.in/docs/piccsker.pdf ഫോൺ: 0484 2376265, 2377267.

5. ബയോഡൈവേഴ്സ്സിറ്റി ഐഡിയേഷൻ ചലഞ്ച് സംസ്ഥാന ജൈവവൈവിധ്യബോർഡ് ബയോഡൈവേഴ്സിറ്റി ഐഡിയേഷൻ ചലഞ്ചിലേക്ക് ആശയങ്ങൾ ക്ഷണിച്ചു. ജൈവവൈവിധ്യ സംരക്ഷണം, വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം, വിഭവങ്ങളുടെ നീതിപൂർവമായ പങ്കുവയ്ക്കൽ എന്നിവയെ സംബന്ധിക്കുന്ന ആശയങ്ങളാണ് സമർപ്പിക്കേണ്ടത്. വിശദവിവരങ്ങൾക്ക്: 0471-2724740, keralabiodiversity@gmail.com, kerala.sbb@kerala.gov.in, www.keralabiodiversity.org.

**<u>പരിശീലന പരിപാടി</u>**

6. ജില്ലാ മൃഗസംരക്ഷണപരിശീലന കേന്ദ്രം ഇറച്ചിക്കോഴി വളർത്തലിൽ പരിശീലന ക്ലാസ് നൽകുന്നു. കണ്ണൂർ കക്കാട് റോഡിലെ മൃഗസംരക്ഷണ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലന കേന്ദ്രത്തിൽ ജൂലൈ 15, 16 തീയതികളിലാണ് പരിശീലനം. അപേക്ഷകർ ഇന്ന് വൈകീട്ട് നാലിനകം പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യണം. ആദ്യത്തെ 50 പേർക്കാണ് പ്രവേശനം. ഫോൺ: 0497 2763473

7. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "IOT Concepts in Agriculture" എന്ന വിഷയത്തിൽ സൌജന്യ ഓൺലൈൻ ഹൃസ്വ കോഴ്സിലെ പുതിയ ബാച്ച് 2025 ജൂലൈ 21 ന് ആരംഭിക്കുന്നു. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Defaulteng.aspx എന്ന ലിങ്ക് ഉപയോഗിച്ച് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. കോഴ്സിന് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി 2025 ജൂലൈ 20.

8. <u>**കാർഷിക നിർദേശം**</u>

തെങ്ങ് നടീൽ

തെങ്ങ് നടാൻ വേണ്ടി നിലമൊരുക്കാം. വെള്ളക്കെട്ടുകൾ രൂപം കൊള്ളുന്ന സ്ഥലങ്ങൾ തെങ്ങിന് അനുയോജ്യമല്ല. നടാനുള്ള കുഴികൾക്ക് 1 മീറ്റർ വീതം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നീളവും വീതിയും ആഴവും ഉണ്ടായിരിക്കണം. ചെങ്കൽ പ്രദേശമാണെങ്കിൽ കുഴികൾക്ക് 12 മീറ്റർ വീതം നീളവും വീതിയും ആഴവും വേണം. മേൽമണ്ണും ചാണകപ്പൊടിയും ചാരവും കൂട്ടിക്കലർത്തിയ മിശ്രിതം ഉപയോഗിച്ച് കുഴിയുടെ മുന്നിൽ ഒരു ഭാഗം നിറക്കുക. ഇതിന്റെ നടുക്ക് ഒരു തേങ്ങാ മൂടാൻ വിധം പിള്ളക്കുഴി ഉണ്ടാക്കി അതിൽ തൈ വെച്ച് മണ്ണിട്ട് ഉറപ്പിക്കുക. താങ്ങുകാൽ നാട്ടി അതിനോട് മുകൾഭാഗം ചേർത്ത് കെട്ടുക. തീവ്രതയേറിയ വെയിലിൽ നിന്നും സംരക്ഷിക്കാൻ മടഞ്ഞ ഓലയോ വാഴകളോ കുഴിക്കരയിൽ കുത്തി വെക്കുക. തൈക്കുഴിയിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ ശ്രദ്ധിക്കണം. മഴക്കാലത്ത് കുഴിയിലേക്ക് വെള്ളം ഒലിച്ചിറങ്ങാതിരിക്കാൻ ചുറ്റും വരമ്പ് തീർക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം